# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

**For online Circulation** | **Vol. 1 Issue 7** | **August 2008**


## ഒറിസാക്കലാപം എന്തിനുവേണ്ടി?

**എഡിറ്റോറിയൽ**

ഈ മുഖക്കുറുപ്പെഴുതുമ്പോഴും ഒറിസായിലെ വർഗ്ഗീയലഹളയുടെ തീയണഞ്ഞിട്ടില്ല. കണ്ടാമലിലെ അഭയാർത്ഥി ക്യാമ്പിന് നേരെ വരെ ആക്രമണം നടത്തിയിരിക്കുന്നു. നൂനപക്ഷം ആക്രമിക്കപ്പെടുമ്പോൾ എപ്പോഴുമെന്നവണ്ണം ഇത്തവണയും സർക്കാർ സംവിധാനങ്ങൾ ഇഴഞ്ഞാണ് പ്രവർത്തിക്കുന്നത്. കാവിസ്നേഹമുള്ള സംസ്ഥാന സർക്കാർ സഹായിച്ചില്ലെങ്കിലും നൂനപക്ഷസ്നേഹവും മതനിരപേക്ഷരതയും പ്രസംഗിക്കുന്ന കേന്ദ്രസർക്കാർ പോലും വൈകിയാണ് പ്രതികരിച്ചത്. ഏല്ലാവർക്കും രാഷ്ട്രീയ സ്വാർത്ഥതാല്പ്പര്യങ്ങളാണ് പ്രധാനം, ആദർശങ്ങളൊക്കെ വെറും പൊയ്മുഖം. അടുത്തവർഷം നടക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിൽ, ഇവിടെയുതിരുന്ന ഓരൊ നിരപരാധിയുടെ ജീവനും വോട്ടായി മാറണം അതാണ് എല്ലാ കഴുകന്മാരുടെയും അകത്തിരുപ്പ്.
കാവിപ്പാർട്ടികൾക്ക് ഇങ്ങനെയൊരു കലാപം അത്യാവശ്യമായിരുന്നു. ഭാരതത്തിന്റെ പ്രതിച്ഛായ ലോകരാഷ്ട്രങ്ങൾക്ക് മുൻപിൽ തകരുന്നതൊന്നും ഇവിടുത്തെ വർഗ്ഗീയ ഫാസിസ്റ്റുകൾക്ക് വിഷയമല്ല. വെറുതെയല്ല ആണവകരാറിന്റെ കാര്യത്തിൽ അമ്മേരിക്ക ഇത്ര കടുംപിടിത്തം കാട്ടുന്നത്. മതാന്ധത തലയ്ക്കുപിടിച്ച ഒരു സമൂഹത്തിനും അതിനെ വളർത്തുവാൻ വർഗ്ഗീയ വിഷം കുത്തിവെയ്ക്കുന്ന നേതൃത്വത്തിനും ആണവ ശക്തിയെ നേരാംവണ്ണം ഉപയോഗിക്കുവാനുള്ള ഇച്ഛാശക്തിയുണ്ടെന്ന് ലോകം എങ്ങനെ വിശ്വസിക്കും. ഗർഭിണികളുടെ വയറുപിളർന്ന് ചോരക്കുഞ്ഞുങ്ങളെ വാളിൽ കോർക്കുവാൻ പോലും മടിക്കാത്ത നരാധമന്മാർക്ക്, അനാഥമന്ദിരങ്ങളെയും ആതുരസേവന കേന്ദ്രങ്ങളെയും ചാമ്പലാക്കുന്ന കാട്ടളന്മാർക്ക് (കാട്ടാളർ ദയവായി ക്ഷമിക്കുക നിങ്ങൾ പോലും ഇങ്ങനെ ചെയ്യുകയില്ല) സർവ്വനാശ ആയുധങ്ങൾ കൈയിലെത്തിയാൽ പിന്നെയെന്തായിരിക്കും ഈ ലോകത്തിന്റെ ഗതി.
ഒറിസായിൽ തുടങ്ങിവെച്ച മതപീഡനം മറ്റ് തീവ്രവാദ ഹിന്ദുശക്തികൾക്ക് സ്വാധീനമുള്ള സംസ്ഥാനങ്ങളിലേക്ക് പടരുവാനാണ് സാദ്ധ്യത. ദൈവജനം ഐക്യതയോട് പ്രാർത്ഥിക്കേണ്ട സമയമാണിത്. പ്രാർത്ഥനയല്ലാതെ മറ്റൊരു വഴിയും നമ്മുടെ മുൻപിൽ ഇല്ല. ഇവിടുത്തെ രാഷ്ട്രീയക്കാരൊ സർക്കാരോ സഹായിക്കുമെന്ന് വ്യാമോഹിക്കണ്ട. ഒറിസായിൽ കലാപം രൂക്ഷമായപ്പോൾ സ്വയരക്ഷയ്ക്കുവേണ്ടി കാവൽ സേനയുണ്ടാക്കുമെന്നുപോലും ചില അഭിനവ ക്രൈസ്തവ 'നേതാക്കന്മാർ' പ്രഖ്യാപിച്ചു. അത് ക്രൈസ്തവ മാർഗ്ഗമല്ല. അവർ യേശുവിന്റെ സഭയേയല്ല, കന്യാസ്ത്രീകളെക്കൊണ്ട് പോലും സ്വയരക്ഷയുടെ പേരിൽ കരോട്ട പഠിപ്പിക്കുന്ന റോമാമതത്തേയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇതിനിടയ്ക്ക് മാവോയിസ്റ്റുകൾ രക്ഷകരായി അവതരിച്ചിരിക്കുന്നു. ന്യൂനപക്ഷപീഡനം അവസാനിപ്പിച്ചില്ലെങ്കിൽ ശക്തമയി തിരിച്ചടിക്കുമെന്ന് അവർ പ്രസ്താവനയിറക്കിയപ്പോൾ പലരും സന്തോഷിച്ചു. സന്തോഷിക്കാൻ വരട്ടെ, അത് തീവ്രവാദ കമ്മൂണിസ്റ്റുകളുടെ 'അടവുനയം' മത്രമാണെന്ന് നാം തിരിച്ചറിയണം. അരാജകത്വം കൊടികുത്തിവാഴുന്നിടത്തേ വിപ്ലവം വാഴുകയുള്ളെന്ന് അവർക്കറിയാം. ഒറിസായിലെ ക്രൈസ്തവ മേഖലകളിൽ നിലനിൽക്കുന്ന അസഹിഷ്ണത വിപ്ലവത്തിന്റെ വിത്ത് പാകുവാൻ പറ്റിയ മണ്ണെന്ന് അവർ തിരിച്ചറിഞ്ഞത് അവരുടെ ബുദ്ധി.
ബാക്ക് ടൂ ബൈബിളിന് തല്ലുവാൻ ഓങ്ങുന്നവരോട് ഒന്നെ പറയാനുള്ളു, 'അരുത് കാട്ടാള'. അടിച്ചാൽ തിരിച്ചടിക്കാത്ത പ്രതികരിക്കാത്ത ഒരു കൂട്ടരെ ഈ ലോകത്തുള്ളു, 'യഥാർത്ഥ ക്രിസ്ത്യാനി'. അവർക്കാരിധിക്കുവാൻ പള്ളിയും പട്ടക്കാരനും ഒന്നും വേണ്ട , കാട്ടിലും ഒളിയിടങ്ങളിലും അവർ ആരാധിക്കും. ഞങ്ങൾ ഞങ്ങളുടെ കുഞ്ഞുങ്ങളെ വാളുപിടിക്കാനും തോക്കെടുക്കാനും പഠിപ്പിച്ചിട്ടില്ല. അവരുടെ കൈയിൽ കുറുവടിയല്ല ബൈബിളാണ് കൊടുക്കുന്നത്. ഞങ്ങളുടെ വേദപാഠശാലകൾ ബോംബുണ്ടാക്കുവാനും, ചാവേറാക്രമണത്തനും ഉള്ള പരിശീലനമല്ല നല്കുന്നത്, ഇനിം നല്കുകയുമില്ല.
ഇതുകൊണ്ടൊന്നും ഭാരത ക്രൈസ്തവ സഭയ്ക്ക് വംശനാശം വരുകയില്ല. രക്തസാക്ഷികളുടെ രക്തം ദൈവസഭയ്ക്ക് വളമാണ്. എവിടെയൊക്ക് ഞങ്ങളുടെ മിഷിണറി സഹോദരന്മാർ അക്രമിക്കപ്പെടുന്നുവോ അവിടെയൊക്കെ ക്രൈസ്തവ സഭ അക്ഷരാർത്ഥത്തിൽ തന്നെ വളരും. ഭാരതം ഒരു കെയ്ത്തിനായി ഉള്ള ഒരുക്കത്തിലാണ്.

കിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

പാസ്റ്റർ ഫിന്നി ചാലുങ്കൽ